## മധുരമായ കുട്ടികളെ, ഈ ശരീരം രാവണന്റെ സ്വത്താണ്. ഇത് രാവണന് കൊടുത്ത് അശരീരിയായി വീട്ടിലേക്ക് പോകണം, അതിനാൽ ഇതിനോടുള്ള മമത്വം ഉപേക്ഷിക്കൂ.

**ചോദ്യം–** മുഴുവൻ സൃഷ്ടിക്ക് സുഖവും ശാന്തിയും ദാനം നൽകുന്നതിനുള്ള വിധിയെന്താണ് ?
**ഉത്തരം–** അതിരാവിലെ എഴുന്നേറ്റ് അശരീരിയായി ബാബയുടെ ഓർമ്മയിലിരിക്കണം, ഇതാണ് വിശ്വത്തിന് ശാന്തി ദാനം നൽകുന്നതിനുള്ള വിധി. സ്വദർശനചക്രം കറക്കുക, ഇതാണ് സുഖം ദാനം നൽകുന്നതിനുള്ള വിധി. ജ്ഞാനത്തിലൂടെയും യോഗത്തിലൂടെയുമാണ് നിങ്ങൾ സദാ ആരോഗ്യശാലിയും സമ്പന്നരുമാകുന്നത്. സൃഷ്ടി പുതിയതായി മാറുന്നു.

**ഗീതം–** എനിക്ക് നിന്റെ ശരണം നൽകൂ രാമാ.....

**ഓം ശാന്തി**. ഭക്തർ ഭക്തി മാർഗ്ഗത്തിൽ ഈ ഗീതം പാടുന്നു– ഹേ രാമാ നിന്റെ ശരണം നല്കൂ എന്ന്. ഇംഗ്ലീഷിൽ അസൈലം(അഭയം) നല്കിയാലും എന്ന് പറയാറുണ്ട്. ശരണാഗതിയെന്നാണ് ഹിന്ദിയിലെ വാക്ക്. ഭക്തർ പാടുന്നു കാരണം രാവണ രാജ്യമാണ്. രാവണനെ കത്തിക്കുന്നുമുണ്ട്, ഇതിലൂടെയും തെളിയുന്നു ഇത് രാവണ രാജ്യമാണ്. ഇതിന്റെ അർത്ഥവും ആരും മനസ്സിലാക്കുന്നില്ല. രാവണന്റെ വിനാശത്തിനു വേണ്ടി ദസ്ഹര ആഘോഷിക്കുന്നു. ഇതും ഒരു അടയാളമാണ്. ഇപ്പോൾ ഇത് സംഗമമാണ്, അതിനാൽ ഈ സമയത്ത് തന്നെയാണ് രാമന്റെ ശരണത്തിൽ വന്നിട്ടുണ്ടാവുക, രാവണന്റെ നാശം ചെയ്തിട്ടുണ്ടാകുക. ഭൂതകാലത്തിൽ എന്തെന്തെല്ലാം ഉണ്ടായിരുന്നുവോ അതിന്റെ തന്നെയാണ് നാടകമുണ്ടാക്കുന്നത്. കുട്ടികളായ നിങ്ങൾക്കറിയാം ഇപ്പോൾ നമ്മൾ രാവണന്റെ ജയിലിൽ നിന്നും പുറത്തുകടന്ന് രാമന്റെ ആശ്രയത്തിൽ വന്നു. രാമ രാജ്യത്തിൽ രാവണ രാജ്യം ഉണ്ടാകുകയില്ല, രാവണ രാജ്യത്തിൽ രാമ രാജ്യവും ഉണ്ടാകുകയില്ല. പാടാറുമുണ്ട്– അര കല്പം രാമ രാജ്യം, അര കല്പം രാവണ രാജ്യം. സത്യയുഗത്തെയും ത്രേതായുഗത്തെയും രാമ രാജ്യമെന്നു പറയും. സംഗമയുഗത്തിൽ ആര് രാമന്റെ ആശ്രയത്തിൽ വന്നുവോ അവർ തന്നെയാണ് രാമ രാജ്യത്തിൽ വന്നിട്ടുണ്ടാകുക. നിങ്ങൾക്കറിയാം നമ്മളിപ്പോൾ രാമന്റെ ശരണത്തിലാണ്. ഈ മുഴുവൻ ലോകം ഒരു ദ്വീപാണ്, നാല് വശത്തും ജലമാണ്. നടുക്കാണ് ദ്വീപ്. വലിയ വലിയ ദ്വീപുകളിൽ ചെറിയ ചെറിയ ദ്വീപുകളും ഉണ്ടായിരിക്കും. ഇപ്പോൾ കുട്ടികളാകുന്ന നിങ്ങളുടെ ബുദ്ധിയിലുണ്ട്– മുഴുവൻ ലോകത്തിലും ഇപ്പോൾ രാവണ രാജ്യമാണ്. എന്നു മുതൽ ആരംഭിക്കുന്നു? മനസ്സിലാക്കി തരുന്നു– പകുതി– പകുതിയാണ്. രാമ രാജ്യത്തിൽ സുഖമാണ്, ബ്രഹ്മാവിന്റെ ദിനം. രാവണ രാജ്യത്തിൽ ദുഃഖം അർത്ഥം ബ്രഹ്മാവിന്റെ രാത്രിയാണ്. അര കല്പം വെളിച്ചമെങ്കിൽ അര കല്പം അന്ധകാരം. സത്യ ത്രേതായുഗത്തിൽ ഭക്തിയുടെ പേരോ അടയാളമോ പോലുമില്ല. പിന്നെ അര കല്പം ഭക്തി മാർഗ്ഗമാണ് ദ്വാപര കലിയുഗത്തിൽ. ഭക്തി രണ്ട് പ്രകാരത്തിലുണ്ട്. ദ്വാപരയുഗത്തിൽ ആദ്യം അവ്യഭിചാരി ഭക്തിയാണ്, കലിയുഗത്തിൽ വ്യഭിചാരിഭക്തിയായി മാറുന്നു. ഇപ്പോൾ നോക്കൂ– മത്സ്യം, കൂർമ്മം സർവ്വതിനെയും ഭക്തി ചെയ്യുന്നു. മനുഷ്യരുടെ ബുദ്ധി സതോ,രജോ,തമോ ആകുക തന്നെ വേണം. ഈ അവസ്ഥകളിലൂടെ കടന്നു പോകണം.

ബാബ മനസ്സിലാക്കി തരുന്നു– നിങ്ങൾ ഇപ്പോൾ രാമൻ അഥവാ ശിവബാബയുടെ മടിത്തട്ടിൽ വന്നു കഴിഞ്ഞു. ഈശ്വരനെ ബാബ എന്നു പറയുന്നു. ബാബ അച്ഛനാണ്, അച്ഛനെ സർവ്വവ്യാപിയെന്നു പറയുന്നത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? പറയും– ഇന്ന ശാസ്ത്രത്തിൽ വ്യാസ ഭഗവാൻ എഴുതിയിട്ടുണ്ട് എന്ന്. ബാബ മനസ്സിലാക്കി തരുന്നു– സർവ്വവ്യാപിയെന്നു പറഞ്ഞതിലൂടെ നിങ്ങൾക്ക് യാതൊരു നേട്ടവും ഉണ്ടായിട്ടില്ല. സത്ഗതി നല്കുന്നയാൾ തീർച്ചയായും ഉണ്ടാകണം. അത് തീർച്ചയായും മറ്റൊരാളായിരിക്കും. സത്ഗതി നൽകുന്നത് ഗോഡ് ഫാദർ ആണ്. ഇത് നിങ്ങളുടെ ഈശ്വരീയ ജന്മമാണ്. നിങ്ങൾ ഇപ്പോൾ സംഗമത്തിലാണ്. ഈ സംഗമ സമയത്തെ പകലായോ രാത്രിയായോ കണക്കാക്കാൻ സാധിക്കില്ല. ഇത് ചെറിയ സംഗമയുഗമാണ്, ഈ സമയത്താണ് ലോകം പരിവർത്തനപ്പെടേണ്ടത്. ഇരുമ്പുയുഗത്തിൽ നിന്നും സ്വർണ്ണിമയുഗമായി മാറുന്നു. രാവണരാജ്യം മാറി രാമരാജ്യമാകുന്നു. ആ രാമരാജ്യത്തിലേക്ക് പോകുന്നതിനുള്ള പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. അതിനാൽ ഇങ്ങനെയിങ്ങനെയുള്ള ഗീതങ്ങളും ഉപയോഗപ്പെടുന്നുണ്ട്. ഇത് ശ്ലോകം പോലെയാണ്. ഇതിന്റെ അർത്ഥം ബാബ മനസ്സിലാക്കി തരുന്നു. രാമന്റെ ശരണത്തിൽ വരുന്നതിലൂടെ നിങ്ങൾ സുഖം അർത്ഥം രാമ രാജ്യത്തിൽ വരുന്നു. ഒരു കഥയുമുണ്ട്– അതിൽ ചോദിക്കുന്നുണ്ട് നിങ്ങൾ ആദ്യം സുഖമാണൊ

ആഗ്രഹിക്കുന്നത് അതോ ദുഃഖമാണൊ എന്ന്. പറഞ്ഞു സുഖം മതിയെന്ന്, കാരണം സുഖത്തിൽ കാലൻ ഒരിക്കലും കൊണ്ടു പോകാൻ വരില്ല. എന്നാൽ അർത്ഥം മനസ്സിലാക്കുന്നില്ല. ബാബയിരുന്ന് നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. നിങ്ങളുടെ ബുദ്ധിയിലുണ്ട്– നമ്മുടെ ദേവീദേവതാ കുലം വളരെ ഉയർന്നതായിരുന്നു. ആദ്യം ബ്രാഹ്മണ കുലം ഉണ്ടാകുന്നു, പിന്നീട് ദേവതയാകുന്നു, പിന്നെ ക്ഷത്രിയർ, വൈശ്യർ, ശൂദ്രരായി മാറുന്നു. നിങ്ങൾക്കറിയാം നമ്മൾ തന്നെയാണ് ഈ വർണ്ണങ്ങളിലൂടെ കടന്നു വന്നത്. ഇപ്പോൾ വന്ന് ബ്രാഹ്മണരായിരിക്കുന്നു. ഈ വിരാട രൂപം തീർത്തും ശരിയാണ്. വർണ്ണങ്ങൾ ഏതൊക്കെയാണെന്ന് തെളിയുന്നു. സത്യയുഗത്തിൽ മാത്രമായി 84 ജന്മങ്ങൾ എടുക്കാൻ സാധിക്കില്ല. ഈ വർണ്ണങ്ങളിലൂടെ കറങ്ങിക്കൊണ്ടിരിക്കുന്നു. ഡ്രാമയുടെ ചക്രം പൂർത്തിയായിയെന്നാൽ 84 ജന്മങ്ങൾ പൂർത്തിയായി. ചക്രത്തിൽ വരുക തന്നെ വേണം, അതിനാൽ കാണിക്കുന്നുണ്ട്– ദേവവർണത്തിൽ ഇത്രയും സമയം, ക്ഷത്രിയ വർണത്തിൽ ഇത്രയും സമയം എന്ന്. മുമ്പ് ഇതൊന്നും നമുക്ക് ഒട്ടും അറിയില്ലായിരുന്നു. ഇങ്ങനെ വർണ്ണങ്ങളിലൂടെ കടന്നു പോകണം എന്ന് ശാസ്ത്രങ്ങളിലും ഒരിക്കലും കേട്ടിട്ടുണ്ടായിരുന്നില്ല. നിങ്ങൾക്കറിയാം 84 ജന്മങ്ങളെടുക്കുന്നത് ആരാണ് എന്ന്. ആത്മാവും പരമാത്മാവും വളരെ കാലമായി പിരിഞ്ഞിരിക്കുകയായിരുന്നു....ഈ കാര്യം തെളിയിച്ച് മനസ്സിലാക്കി കൊടുക്കണം. ആദ്യമാദ്യം ദേവീ ദേവതമാർ തന്നെയായിരുന്നു ഭാരതത്തിൽ ഉണ്ടായിരുന്നത്. ഭാരതം സ്വർണ്ണിമയുഗമായിരുന്നു. ആ സമയത്ത് മറ്റൊരു ധർമ്മം ഉണ്ടായിരുന്നില്ല. പിന്നീട് ചക്രത്തിന് കറങ്ങുക തന്നെ വേണം. മനുഷ്യന് പുനർജന്മം എടുക്കുക തന്നെ വേണം. ചക്രത്തെ വെച്ച് പറഞ്ഞു കൊടുക്കാൻ വളരെ സഹജമാണ്. ബാബ നിർദ്ദേശം നല്കുന്നു– പ്രദർശനിയിൽ ഇങ്ങനെ ഇങ്ങനെയൊക്കെ മനസ്സിലാക്കി കൊടുക്കണം. ഈ സമയത്ത് നമുക്ക് പുതിയ ലോകത്തേക്ക് പോകണം അപ്പോൾ ബാബ പറയുന്നു– ഇത് പഴയ ലോകമാണ്. ഈ പഴയ ലോകം, പഴയ ശരീരത്തിന്റെ സംബന്ധികൾ ഇവ ബുദ്ധി കൊണ്ട് ത്യാഗം ചെയ്യൂ. ബുദ്ധിയിലൂടെ പുതിയ വീടിനെ ആഹ്വാനം ചെയ്യുന്നു. ഇതാണ് പരിധിയില്ലാത്ത സന്യാസം. ദേഹസഹിതം, പഴയലോകത്തിലെ സംബന്ധങ്ങളെയെല്ലാം മറക്കണം. ബാബ പറയുന്നു– സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. നിങ്ങൾ യഥാർത്ഥത്തിൽ മുക്തിധാമിലാണ് നിവസിച്ചിരുന്നത്. സർവ്വ ധർമ്മങ്ങളിലുള്ളവരോട് ബാബ പറയുന്നു– ഇപ്പോൾ തിരികെ പോകണം. മുക്തിയെ സർവ്വരും ഓർമ്മിക്കുന്നുണ്ടല്ലോ. ഇപ്പോൾ തന്റെ വീട്ടിലേക്ക് പോകൂ. എവിടെ നിന്നാണൊ നിങ്ങൾ വിവസ്ത്രരായി (അശരീരിയായി) വന്നത് അവിടേക്ക് അശരീരിയായിട്ട് തന്നെ പോകണം. ശരീരത്തെ കൊണ്ടുപോകാൻ സാധിക്കില്ല. വന്നത് അശരീരിയായി, എങ്കിൽ പോകേണ്ടതും അശരീരിയായി തന്നെ. കേവലം എപ്പോൾ പോകണം, എപ്പോൾ വരണം, ഈ ചക്രത്തെ മനസ്സിലാക്കണം. സത്യയുഗത്തിൽ ആദ്യം ദേവീ ദേവതാ ധർമ്മത്തിലുള്ളവർ തന്നെയാണ് വരുന്നത്, പിന്നീട് നമ്പർ അനുസരിച്ച് വന്നുകൊണ്ടിരിക്കുന്നു. മൂലവതനത്തിൽ നിന്നും സർവ്വരും വന്നു കഴിയുമ്പോൾ തിരികെ പോകാൻ ആരംഭിക്കുന്നു. അവിടേക്ക് ആത്മാവിന് മാത്രമേ പോകാൻ സാധിക്കൂ. ഈ ശരീരം രാവണന്റെ സ്വത്താണ്, അതിനാൽ ഇത് രാവണന് തന്നെ നൽകിയിട്ട് പോകണം. ഇതെല്ലാം ഇവിടെ തന്നെ നശിക്കുന്നു. നിങ്ങൾ അശരീരിയായി പോകൂ. ബാബ പറയുന്നു– ഞാൻ നിങ്ങളെ കൊണ്ടു പോകാൻ വന്നിരിക്കുകയാണ്. ബാബ എത്ര സഹജമായി മനസ്സിലാക്കി തരുന്നു, ധാരണയും ഉണ്ടാകണം. പിന്നീട് മറ്റുള്ളവർക്കും പറഞ്ഞു മനസ്സിലാക്കി കൊടുക്കണം. നിങ്ങൾ ഗ്യാരന്റി നല്കുന്നു– ബാബാ ഞങ്ങൾ കേട്ട് മറ്റുള്ളവരെയും കേൾപ്പിക്കും. ആർക്കാണോ ഈ അഭ്യാസം ഉള്ളത് അവർക്ക് കേൾപ്പിക്കാൻ സാധിക്കും. നിങ്ങൾക്കറിയാം നമുക്ക് ഈ ലോകത്തെ പവിത്രമാക്കണം. യോഗത്തിലിരുന്ന് ശാന്തിയുടെയും സുഖത്തിന്റെയും ദാനം ചെയ്യണം. അതിനാൽ ബാബ പറയുന്നു– രാത്രിയിൽ എഴുന്നേറ്റ് യോഗത്തിലിരിക്കൂ, സൃഷ്ടിക്ക് ദാനം നൽകൂ. അതിരാവിലെ അശരീരിയായി ഇരിക്കുമ്പോൾ നിങ്ങൾ ഭാരതത്തിനു മാത്രമല്ല, മുഴുവൻ സൃഷ്ടിക്കും യോഗത്തിലൂടെ ശാന്തിയുടെ ദാനം നല്കുന്നു. പിന്നെ ചക്രത്തിന്റെ ജ്ഞാനം സ്മരിക്കുന്നതിലൂടെ നിങ്ങൾ സുഖം ദാനം ചെയ്യുന്നു. ധനത്തിലൂടെ സുഖം ലഭിക്കുന്നു. അതിനാൽ അതിരാവിലെ എഴുന്നേറ്റ് ഓർമ്മയിലിരിക്കൂ. ബാബാ..... ഇതാ ഞാൻ അങ്ങയുടെ അടുത്ത് എത്തി കഴിഞ്ഞു. ഇപ്പോൾ എന്റെ 84 ജന്മങ്ങൾ പൂർത്തിയായി. അതിനാൽ അതിരാവിലെയെഴുന്നേറ്റ് ബാബയെ ഓർമ്മിച്ച് സുഖവും ശാന്തിയും ദാനം നൽകേണ്ടതുണ്ട്. യോഗത്തിലുടെയും ജ്ഞാനത്തിലൂടെയും ആരോഗ്യവും സമ്പത്തും ലഭിക്കുന്നു. നമ്മൾ സദാ ആരോഗ്യശാലിയായി കഴിയുമ്പോൾ സൃഷ്ടി തന്നെ പുതിയതായി മാറുന്നു. സത്യ ത്രേതായുഗത്തിൽ സമ്പന്നരും ആരോഗ്യശാലികളുമായിരിക്കും. കലിയുഗത്തിൽ അനാരോഗ്യരും അസമ്പന്നരുമാണ്. ഇപ്പോൾ നമ്മൾ ആരോഗ്യശാലിയും സമ്പന്നരുമായി മാറുന്നു. പിന്നീട് അര കല്പം നമ്മുടെ തന്നെ രാജ്യമായിരിക്കും. ബുദ്ധിയിൽ ഈ ജ്ഞാനം ഉണ്ടെങ്കിലേ സന്തോഷം ഉണ്ടായിരിക്കൂ. ഇതും എഴുതൂ–2500 വർഷത്തേയ്ക്ക് സദാ ആരോഗ്യശാലിയും സമ്പന്നരുമാകണമെങ്കിൽ ഈ ഈശ്വരീയ പ്രകൃതിചികിൽസാ കേന്ദ്രത്തിൽ വരൂ എന്ന്. എന്നാൽ ജ്ഞാനം ഉള്ളവർക്കേ ഇത് എഴുതാൻ സാധിക്കൂ. അല്ലാതെ സേവാ കേന്ദ്രം ഞങ്ങൾ തുറക്കുന്നു, സേവനം താങ്കൾ വന്ന് ചെയ്യൂ... അങ്ങനെയാകരുത്. ആര് സേവാകേന്ദ്രം തുറക്കുന്നുവൊ അവർ തന്നെ സേവനവും ചെയ്യണം.

പവിത്രതയുടെ മേൽ തന്നെയാണ് മുഴുവൻ വഴക്കും ഉണ്ടാകുന്നത്. വിഷം ലഭിക്കാതിരിക്കുമ്പോൾ അക്രമങ്ങളുണ്ടാകുന്നു. ഇത് സംഗമമാണ്. അതിനാൽ ബുദ്ധിയിൽ സുഖധാമിനെയും ശാന്തിധാമിനെയും തന്നെ ഓർമ്മിക്കണം. ഇത് ദുഃഖധാമമാണ് അതിനാലാണ് സുഖധാമിനെ ഓർമ്മിക്കുന്നത്. അതു കൊണ്ട് തന്നെ പാടുന്നുണ്ട്– ദുഃഖം വരുമ്പോൾ എല്ലാവരും സ്മരിക്കും....ഇത് പതിത ലോകമാണ്. നിയമമനുസരിച്ച് കലിയുഗ അന്ത്യത്തിൽ സർവ്വരും പതിതമാകുക തന്നെ വേണം. സംഗമം വന്ന് രാമ രാജ്യത്തിന്റെ സ്ഥാപന നടന്നാലെ രാവണ രാജ്യത്തിന്റെ വിനാശം ഉണ്ടാകുകയുള്ളു. ഇപ്പോൾ വിനാശത്തിനുള്ള തയ്യാറെടുപ്പ് നടന്നു കൊണ്ടിരിക്കുന്നു. രാവണ രാജ്യം നശിക്കുക തന്നെ വേണം. ബാക്കി ഇവർ പാവകളി പോലെയാണ്. എത്ര പാവപ്രതിമകളെ ഉണ്ടാക്കുന്നു. അതിനാൽ ഇതിനെ അന്ധവിശ്വാസം എന്നു പറയുന്നു. ഭാരതത്തിൽ എത്രത്തോളം ചിത്രങ്ങൾ ഉണ്ടാക്കുന്നുവൊ അത്രയും വേറെയെങ്ങും ഉണ്ടാക്കുന്നില്ല. ഭാരതത്തിൽ നിറയെ ചിത്രങ്ങളുണ്ട്. പാടാറുണ്ട്– ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രിയെന്ന്. പകലിനെ എന്തു കൊണ്ട് നീട്ടി കാണിച്ചിരിക്കുന്നു? ആദ്യം ഭക്തി അവ്യഭിചാരിയാണ്, പിന്നീട് വ്യഭിചാരിയും. ആദ്യം 16 കല, പിന്നീട് 14, അന്ത്യത്തിൽ കുറച്ച് കലകൾ അവശേഷിക്കുന്നു. എന്നാൽ ഈ സമയത്ത് കലയേയില്ല. ഈ സമയത്ത് തമോപ്രധാനമായ ലോകമാണ്. കലിയുഗം മുതൽ തമോ ആരംഭിക്കുന്നു, അന്തിമത്തിൽ തമോപ്രധാനമെന്നു പറയും. ഇപ്പോൾ ലോകം ജീർണ്ണിച്ചു പോയ അവസ്ഥയിലാണ്. പഴയ വസ്തുക്കൾക്ക് താനേ തീ പിടിക്കുന്നു. ഏതു പോലെ മുളങ്കാടിന് താനേ തീ പിടിക്കുന്നു, ഇതിനും തീ പിടിക്കണം. പരസ്പരം എന്തെങ്കിലും ഉരസലുണ്ടായാൽ തീ പിടിക്കുന്നു. വീട്ടിൽ ചെറിയ കാര്യത്തിൽ വഴക്കുണ്ടാകുമ്പോൾ, സുഹൃത്തുക്കളാണെങ്കിൽ പോലും ചെറിയ കാര്യങ്ങൾ ഉണ്ടായാൽ പോലും ശത്രുക്കളായി മാറുന്നു, ഒരാൾ ഒരാളുടെ കഴുത്തു മുറിക്കാൻ പോലും മടിക്കുന്നില്ല. ക്രോധവും കുറവൊന്നുമല്ല. പരസ്പരം കൊല്ലുന്നതിനു വേണ്ടി എത്ര തയ്യാറെടുപ്പാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഇതാണ് ഡ്രാമ. ക്രിസ്ത്യാനികൾ വലിയ ആളുകളാണ്. അവർ പരസ്പരം ചേർന്നു നില്ക്കുകയാണെങ്കിൽ സർവ്വതും അവർക്ക് ചെയ്യാൻ സാധിക്കും. പോപ്പും ക്രിസ്ത്യാനികളുടെ തലവനാണ്, അദ്ദേഹത്തെ എത്ര ബഹുമാനിക്കുന്നു എന്നാൽ അദ്ദേഹം പറഞ്ഞത് അനുസരിക്കുന്നില്ല. ഇവിടെയും ഏത് കുട്ടികളാണൊ ബാബ പറയുന്നത് അനുസരിക്കാത്തത് അവർ വിനാശി പദവി പ്രാപ്തമാക്കുന്നു. ശ്രീമത്തനുസരിച്ച് നടക്കണം. ശ്രീമത്ത് ഭഗവത്ഗീതയല്ലേ, വേറൊരു ശാസ്ത്രത്തിലും ശ്രീമതമില്ല. ശ്രീ അർത്ഥം ശ്രേഷ്ഠരിലും വച്ച് ശ്രേഷ്ഠം, ആരാണൊ പുനർജന്മത്തിൽ വരാത്തത്. മനുഷ്യർ പുനർ ജന്മത്തിൽ വരുന്നു. വിദ്വാൻമാർ ജനനമരണരഹിതനായ ബാബ ഉച്ചരിച്ച ഗീതയിൽ പൂർണ്ണമായും 84 ജന്മങ്ങളെടുക്കുന്ന ആളുടെ പേരാണ് ഇട്ടിരിക്കുന്നത്. വാസ്തവത്തിൽ പരമപിതാ പരമാത്മാവിനെ തന്നെയാണ് ജ്ഞാനസാഗരൻ, പവിത്രതയുടെ സാഗരൻ, പതിത പാവനൻ എന്നു പറയുന്നത്. ആ ബാബ തന്നെയാണ് കുട്ടികൾക്ക് വരദാനം നല്കുന്നത്. ബാബയുടെ പേരിനു പകരം കൃഷ്ണന്റെ പേര് കാണിക്കുന്നു. ആദ്യം ശിവ ജയന്തി, പിന്നെയാണ് കൃഷ്ണ ജയന്തി. ശിവബാബ വരുന്നത് പുതിയ ലോകം സ്ഥാപിക്കുന്നതിനാണ്. അതിനാൽ ആദ്യം അച്ഛന്റെ ജന്മം, പിന്നീട് കുട്ടിയുടെ ജന്മം. ബാബയുടെ ജന്മത്തിലൂടെ തന്നെയാണ് കൃഷ്ണനാകുന്ന കുട്ടി ഉണ്ടായത്. അതും ഒരാൾ മാത്രമായിരിക്കില്ല. ദേവീക സമ്പ്രദായം എന്നല്ലേ പറയുന്നത്. എത്ര തെറ്റാണ് ചെയ്തിരിക്കുന്നത്. ഒരാളെങ്കിലും ഈ കാര്യം മനസ്സിലാക്കിയെങ്കിൽ അവരുടെ ശിഷ്യൻമാർ അവരെ വിട്ട് പോകും, സർവ്വരുടെയും മുഖം മഞ്ഞളിക്കും. എത്ര വലിയ തെറ്റാണ്, അതു കൊണ്ടാണ് ബാബയ്ക്ക് വരേണ്ടി വരുന്നത്. മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാനും സമയം വേണം. ആദ്യം ഈ നിശ്ചയം ചെയ്യിക്കൂ– പരമപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണ് ഉള്ളത്? അപ്പോഴേ മനസ്സിലാക്കൂ ഭഗവാൻ ബാബയാണെന്ന്. ഭഗവാനെ ഭഗവാന്റെ പദവിയിൽ തന്നെ വെയ്ക്കൂ. സർവ്വരും എങ്ങനെ ഒരേ പോലെ യാകും. പറയും സർവ്വതും ഭഗവാന്റെ ലീലയാണ് . ഒരു രൂപം ഉപേക്ഷിച്ച് മറ്റൊരു രൂപം ധരിക്കുന്നു എന്ന്. എന്നാൽ പരമാത്മാവ് പുനർജന്മം എടുക്കുന്നില്ല. ബാപ്ദാദ രണ്ടു പേരും ഒരുമിച്ചാണ്, കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ബാപ്ദാദയുടെ അർത്ഥവും ആരുടെയും ബുദ്ധിയിൽ ഇല്ല. നീ തന്നെ മാതാവും, പിതാവും....എന്ന് പറയുന്നു. ഓ..ഗോഡ് ഫാദർ എന്നും പറയുന്നുണ്ട്. അപ്പോൾ തീർച്ചയായും മാതാവും ഉണ്ടായിരിക്കണം. എന്നാൽ ആരുടെയും ബുദ്ധിയിൽ വരുന്നില്ല.

കുട്ടികൾക്ക് ബാബ മനസ്സിലാക്കി തന്നു എപ്പോഴാണ് ശരണം നല്കുന്നത്? രാവണരാജ്യം സമാപ്തമാകുമ്പോൾ രാമൻ വരുന്നു. രാമന്റെ ശരണമെടുക്കുന്നതിലൂടെ തന്നെയാണ് സത്ഗതി ലഭിക്കുന്നത്. പറയാറുണ്ട്– രാമരാജ്യം വേണമെന്ന്. അവർക്ക് സൂര്യവംശി രാജ്യത്തെക്കുറിച്ചറിയില്ല. പറയുന്നു രാമരാജ്യം, പുതിയ ലോകം, പുതിയ ഭാരതം വേണമെന്ന്. അത് ഇപ്പോൾ സ്ഥാപിതമായി കൊണ്ടിരിക്കുന്നു. തീർച്ചയായും ഉണ്ടാകണം, ഡ്രാമയ്ക്ക് സഞ്ചരിക്കുക തന്നെ വേണം. ഈ പഠിത്തം മനുഷ്യനിൽ നിന്നും ദേവതയാകുന്നതിനുള്ളതാണ്. മനുഷ്യന് ആരെയും ദേവതയാക്കാൻ സാധിക്കില്ല. ബാബ വന്ന് മനുഷ്യനെ ദേവതയാക്കുന്നു. കാരണം ബാബ തന്നെയാണ് സ്വർഗ്ഗത്തിന്റെ സ്ഥാപന

ചെയ്യുന്നത്. ബ്രാഹ്മണരുടെ മാലയെന്നു പറയില്ല, വൈജയന്തി മാല വിഷ്ണുവിന്റേതാണ്. ഇതാണ് പുതിയ ഈശ്വരീയ കുലം, ഇപ്പോൾ ആരംഭിക്കുന്നു. നേരത്തെ രാവണന്റെ ആസുരീയകുലമായിരുന്നു. രാവണനെ അസുരൻ എന്നു പറയുന്നു. ഈ കംസൻ, ജരാസന്ധി...എന്ന പേരുകൾ എന്താണെന്ന് ഇപ്പോഴാണ് തെളിയുന്നത്. ജന്മ ജന്മാന്തരം നിങ്ങൾക്ക് സാകാരത്തിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. സത്യയുഗത്തിലും സാകാരത്തിലൂടെ ലഭിക്കുന്നു. കേവലം ഈ സമയത്ത് നിങ്ങൾക്ക് നിരാകാര അച്ഛനിലൂടെ സമ്പത്ത് ലഭിക്കുന്നു.ശരി.

മധുര മധുരമായ നഷ്ടപ്പെട്ടു തിരികെക്കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ദേഹസഹിതം പഴയ ലോകത്തിലെ സംബന്ധികളെയും മറ്റുമെല്ലാം മറന്ന് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കണം. ബുദ്ധി കൊണ്ട് പുതിയ വീടിനെ ആഹ്വാനം ചെയ്യണം.

2. അതിരാവിലെ എഴുന്നേറ്റ് മുഴുവൻ ലോകത്തിനും ശാന്തിയുടേയും, സുഖത്തിന്റേയും ദാനം ചെയ്യണം.

## വരദാനം:- ആകാരീ നിരാകാരീ സ്ഥിതിയുടെ അഭ്യാസത്തിലൂടെ ഇളക്കത്തിലും അചഞ്ചലമായിരിക്കുന്ന ബാപ്സമാനമായി ഭവിക്കട്ടെ

സാകാരത്തിൽ കഴിയുന്നത് സ്വാഭാവികമായിരിക്കുന്നതു പോലെ, ഇങ്ങനെ തന്നെ ഞാൻ ആകാരീ മാലാഖയാണ്, നിരാകാരീ ശ്രേഷ്ഠആത്മാവാണ്- ഈ രണ്ടു സ്മൃതികളും സ്വാഭാവികമാകണം എന്തെന്നാൽ ശിവബാബ നിരാകാരി ബ്രഹ്മാബാബ ആകാരി. രണ്ടുപേരോടും സ്നേഹമുണ്ടെങ്കിൽ സമാനമാകൂ. സാകാരത്തിലിരുന്നും അഭ്യാസം ചെയ്യൂ- ഇപ്പോഴിപ്പോൾ ആകാരി, ഇപ്പോഴിപ്പോൾ നിരാകാരി. അപ്പോൾ ഈ അഭ്യാസം തന്നെ ഇളക്കത്തിൽ അചഞ്ചലമാക്കിത്തരും.

## സ്ലോഗൻ:- ദിവ്യഗുണങ്ങളുടെ പ്രാപ്തിയുണ്ടാവുക തന്നെയാണ് ഏറ്റവും ശ്രേഷ്ഠമായ പ്രഭുപ്രസാദം.

**ലൗലീനസ്ഥിതിയുടെ അനുഭവം ചെയ്യൂ :** പ്രിയപ്പെട്ടതിനെ ഓർമിക്കുകയല്ല, സ്വതവേ ഓർമ വരികയാണ്. കേവലം സ്നേഹം ഹൃദയത്തിന്റേതാകണം, സത്യവും നിസ്വാർഥവുമാകണം. എന്റെ ബാബ, പ്രിയപ്പെട്ട ബാബ എന്നു പറയുന്നുവെങ്കിൽ പ്രിയപ്പെട്ടതിനെ ഒരിക്കലും മറക്കാനാവില്ല. നിസ്വാർഥസ്നേഹം കൂടാതെ ബാബയ്ക്ക് ഒരാത്മാവുമായും കൂടിക്കാഴ്ചയുണ്ടാവുകയില്ല അതിനാൽ ഒരിക്കലും സ്വാർഥതയ്ക്കായി ഓർമിക്കരുത്, നിസ്വാർഥസ്നേഹത്തിൽ ലൗലീനമായിരിക്കൂ.